# അവയവദാനം അരുൺരാജിനെ അമരനാക്കി - മന്ത്രി ശൈലജ

കൊച്ചി ▸ മസ്തിഷ്കമരണ ശേഷമുള്ള അവയവദാനം കേരളത്തിൽ കുറയുന്നതായി ആരോഗ്യമന്ത്രി കെ.കെ. ശൈലജ.

മസ്തിഷ്കമരണത്തിനു ശേഷം പലർക്കായി ജീവിതം പകുത്തു നൽകിയ അരുൺരാജിൻെറ കുടുംബത്തെ ആദരിക്കാൻ അമൃത ആശുപത്രിയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ.

മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്ത ശേഷം പുനർജന്മത്തിനായി കാത്തിരിക്കുന്നവർ നിരവധിയാണ്.

അനുയോജ്യമായ ദാതാവിനെ ലഭിക്കാത്തതുകൊണ്ടുമാത്രം മരണമടഞ്ഞവരും കുറവല്ല. അവയവദാനത്തിൻെറ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാവാതിരിക്കാൻ സർക്കാർ തലത്തിൽ നിന്ന് എല്ലാവിധ സഹകരണവുമുണ്ടാകും. അരുൺരാജ് നിരവധിപ്പേരിലൂടെ ഇന്നും ജീവിക്കുന്നത് അദ്ദേഹത്തിൻെറ കുടുംബം അവയവദാനത്തിൻെറ മഹത്ത്വം തിരിച്ചറിഞ്ഞതു കൊണ്ടാണ് - ശൈലജ പറഞ്ഞു. കഴിഞ്ഞ ഏപ്രിലിലാണ്, അപകടത്തിൽ മസ്തിഷ്കമരണം സംഭവിച്ച അരുൺരാജിൻെറ ഹൃദയം, കരൾ, പാൻക്രിയാസ്, വൃക്കകൾ, കൈകൾ എന്നിവ കുടുംബം ദാനം ചെയ്തത്.



▶ അവയവങ്ങൾ ദാനം ചെയ്ത അരുൺരാജിൻെറ കുടുംബത്തെ മന്ത്രി കെ.കെ. ശൈലജയും അവയവ സ്വീകർത്താക്കളും ചേർന്ന് ആദരിക്കുന്നു

അദ്ദേഹത്തിൻെറ കൈകൾ സ്വീകരിച്ച ലിംഗസെൽവിയുടെ നേതൃത്വത്തിൽ, അവയവം സ്വീകരിച്ചവരും മന്ത്രി ശൈലജയും ചേർന്ന് അച്ഛൻ രാജൻ, അമ്മ സീത, സഹോദരൻ അഖിൽ എന്നിവരെ ആദരിച്ചു.

ശസ്ത്രക്രിയയുടെ ഭാഗമായ ഡോക്ടർമാർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവരെയും ആദരിച്ചു.

കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ പ്രസിഡൻറ് ഫാദർ ഡേവിസ് ചിറമേൽ, ലിറ്റിൽഫ്ലവർ ആശുപത്രി അസി. ഡയറക്ടർ ഫാ. റെജു കണ്ണമ്പുഴ, മെഡിക്കൽ ഡയറക്ടർ പ്രേം നായർ, പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി പ്രൊഫസർ ഡോ. സുബ്രഹ്മണ്യ അയ്യർ തുടങ്ങിയവർ സംസാരിച്ചു.